ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ്

1599. [2384] ശ്രീമതി. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഓണം ഫെസ്റ്റിവൽ അലവൻസ് ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർക്കും ബാധകമാണോ ;

(ബി) എങ്കിൽ അവർക്ക് പ്രസ്തുത അലവൻസ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ബാധകമല്ല.

(ബി) എ-യുടെ വെളിച്ചത്തിൽ (ബി), (സി) ചോദ്യം ഉദിക്കുന്നില്ല.

നെയ്യാറിൻകര ഇലക്ട്രിക്കൽ ഡിവിഷന് ആവശ്യമായ മെറ്റീരിയൽസ്

1600. [2385] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ മെറ്റീരിയൽസ് നെയ്യാറിൻകര ഇലക്ട്രിക്കൽ ഡിവിഷന് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. കേശവമേനോന്റെ വീട്

1601. [2387] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. കെ. പി. കേശവമേനോന്റെ വീട് ഗവൺമെന്റ് ഏറ്റെടുത്ത് ഒരു സ്മാരകമായി നിലനിർത്താൻ നടപടികളും എടുക്കുമോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴും ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

(ബി) യശ:ശരീരനായ കെ.പി. കേശവമേനോന്റെ അനന്തരാവകാശികൾ താമസിക്കുന്ന വീട് അവരുടെ സമ്മതമില്ലാതെ ഏറ്റെടുക്കുന്നത് ഉചിതമായിരിക്കുമെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ടിപ്പു സുൽത്താന്റെ കോട്ട

1602. [2388] ശ്രീ. കെ. പി. രാമൻ :

,, ഇ. പി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഫറോക് കോട്ടക്കുന്ന് ബംഗ്ലാവ്" എന്ന പേരിൽ അറിയപ്പെടുന്ന ടിപ്പു സുൽത്താന്റെ കോട്ട ചരിത്രസ്മാരകമാക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly